**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 868** **24-02-2022 - ൽ മറുപടിയ്ക്ക്**

**വനപരിപാലന വിവര സമ്പ്രദായവും ഭൗമ വിവര സാങ്കേതിക സംവിധാനവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | **Shri. A. K. Saseendran**<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് 2021-22 വർഷത്തിൽ വനപരിപാലന വിവര സമ്പ്രദായവും ഭൗമ വിവര സാങ്കേതിക സംവിധാനവും നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കാമോ ; ഇതുമായി ബന്ധപ്പെട്ട് ഫോറസ്റ്റ് സ്റ്റേഷനുകളിൽ കമ്പ്യൂട്ടർവൽക്കരണം, വകുപ്പിന്റെ എല്ലാ ഓഫീസുകളും തമ്മിൽ നെറ്റ് വർക്ക് കണക്റ്റിവിറ്റി ഏർപ്പെടുത്തൽ, ഇ-ഗവേണൻസ് പദ്ധതികൾ എന്നിവ നടപ്പിലാക്കാനുള്ള ചെലവുകൾ സംബന്ധിച്ച് വിശദീകരിക്കാമോ ; | (എ) | (എ) കേരള വനം വകുപ്പിൽ കമ്പ്യൂട്ടർവൽക്കരണം, ഇ-ഗവേണൻസ് പദ്ധതികളുടെ നടത്തിപ്പ് എന്നിവ വകുപ്പിന്റെ ഐ.ടി വിഭാഗത്തിന്റെ മേൽനോട്ടത്തിലാണ് നടപ്പിലാക്കി വരുന്നത്. മാനേജ്മെന്റ് ആവശ്യങ്ങൾക്കായി നിലവിൽ വനം വകുപ്പ് ഉപയോഗപ്പെടുത്തി വരുന്ന ഡിജിറ്റൽ ഭൂപടങ്ങൾ 1975-80 കാലഘട്ടത്തിലെ ടോപ്പോ ഷീറ്റുകളെ അടിസ്ഥാനപ്പെടുത്തി തയ്യാറാക്കിയവയാണ്. ഈ വിവരങ്ങൾ പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇ-ഗവേണൻസ് നടപ്പിലാക്കുന്നതിനായി നാഷണൽ ഇൻഫോർമാറ്റിക്സ് സെന്ററിന്റെ സഹകരണത്തോടുകൂടി വനം വകുപ്പ് ലഭ്യമാക്കിവരുന്ന സേവനങ്ങൾ ഓൺലൈൻ സംവിധാനത്തിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. 2021-22 കാലഘട്ടത്തിൽ ഈ-ഓഫീസ് സംവിധാനം വനം വകുപ്പ് എല്ലാ സർക്കിൾ തല ഓഫീസുകളിലും നടപ്പിലാക്കുകയും, ഡിവിഷൻതല ഓഫീസുകളിൽ ഇ-ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള പ്രാഥമിക നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. വനം വകുപ്പിലെ വിവിധ ഓഫീസുകളിലേയും ഫോറസ്റ്റ് ഹെഡ് ക്വാർട്ടേഴ്സിലെയും ഉപയോഗത്തിലേക്കായി കമ്പ്യൂട്ടറുകൾ, അനുബന്ധ ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനും, KSWAN Connectivity ലഭ്യമാക്കുന്നതിലേയ്ക്കുമായി 2021-22 വർഷത്തിൽ 95,84,502/- (തൊണ്ണൂറ്റി അഞ്ച് ലക്ഷത്തി എൺപത്തി നാലായിരത്തി അഞ്ഞൂറ്റി രണ്ട്) രൂപ ചിലവഴിച്ചിട്ടുള്ളതുമാണ്. |
| (ബി) | വനം വകുപ്പിന്റെ വാളയാർ, അരിപ്പ, പിടിപി നഗർ എന്നിവിടങ്ങളിലുള്ള പരിശീലന കേന്ദ്രങ്ങളുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കാമോ ? | (ബി) | വനം വന്യജീവി വകുപ്പിൽ സ്റ്റേറ്റ് ഫോറസ്റ്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, അരിപ്പ, പി.ടി.പി നഗർ എന്നിവിടങ്ങളിലെ പരിശീലന കേന്ദ്രങ്ങളിൽ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് |

| | | | |
|---|---|---|---|
| | | | സ്വീകരിച്ച നടപടി വിവരം ചുവടെ ചേർക്കുന്നു. പി.ടി.പി നഗർ ട്രെയിനിംഗ് സെന്ററുമായി ബന്ധപ്പെട്ട ട്രെയിനിംഗ് ഹോസ്റ്റലിന്റെ നവീകരണവും പരിശീലനാർത്ഥികൾക്കുവേണ്ട സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും, കമ്പ്യൂട്ടർലാബ് സജ്ജമാക്കുന്നതിനുമുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. കൂടാതെ സ്റ്റേറ്റ് ഫോറസ്റ്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് അരിപ്പാ കേന്ദ്രമായി Inter National Centre for Forest and Nature Conservation സ്ഥാപിക്കുന്നതിന് 5366.45 ലക്ഷം രൂപയ്ക്ക് ഒരു പ്രൊപ്പോസൽ സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുള്ളതാണ്. സ്റ്റേറ്റ് ഫോറസ്റ്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, അരിപ്പയിൽ നിലവിലെ പരിശീലനാർത്ഥികളുടെ ശാരീരിക-കായിക ക്ഷമത വർദ്ധിപ്പിക്കുന്നതിലേയ്ക്കായി ഒരു ഇൻഡോർ കോർട്ടിന്റെയും, നീന്തൽ കുളത്തിന്റെയും നിർമ്മാണം അന്തിമ ഘട്ടത്തിലാണ്. കൂടാതെ പരിശീലന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിലേയ്ക്കായി ഹോസ്റ്റൽ റൂമിന്റെയും ടോയിലറ്റ് ബ്ലോക്കിന്റെയും നവീകരണ പ്രവർത്തനങ്ങളും, ഓപ്പൺ എയർ ഓഡിറ്റോറിയത്തിന്റെ നിർമ്മാണവും ഈ സാമ്പത്തിക വർഷം പൂർത്തീകരിക്കുന്നുണ്ട്. ആയതിനോടൊപ്പം 8.58 കോടിയുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ JICA സഹായത്തോടെ നടപ്പിലാക്കുന്നതിനുള്ള പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടുള്ളതാണ്. സ്റ്റേറ്റ് ഫോറസ്റ്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് വാളയാറിൽ ട്രെയിനികളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി ഒരു ഇൻഡോർ സ്റ്റേഡിയം നിർമ്മിച്ചത് 2021 ഫെബ്രുവരി മാസം മുതൽ പ്രവർത്തന ക്ഷമമാണ്. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ട്രെയിനികൾക്ക് പരിചയപ്പെടുത്തുന്നതിനായി നൂതന ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ JICA Scheme ഉൾപ്പെടുത്തി സ്ഥാപനത്തിലെ അടിസ്ഥാന സൗകര്യങ്ങൾ വിപുലീകരിക്കുന്നതിനുള്ള 8.78 കോടിയുടെ പദ്ധതി സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ